എം ജി എം എച്ച് എസ്സ് പുഴനാട്

# കണ്ണാടി



## അക്കാഡമിക് മാസ്റ്റർപ്ലാൻ

2025-2026

# സ്കൂൾവിവരങ്ങൾ

1. റവന്യൂ ജില്ല: തിരുവനന്തപുരം
2. സ്കൂൾ കോഡ്. 44030
3. സ്കൂളിന്റെ പേര്: എം.ജി.എം. എച്ച്. എസ്സ്. പുഴനാട്
4. മേൽവിലാസം: പുഴനാട് പിഒ
5. പിൻകോഡ് : 69515
6. ഫോൺ നമ്പർ:
7. ഇ മെയിൽ അഡ്രസ്:mgmhsp@gmail.com
8. ഗ്രാമ പഞ്ചായത്ത്: ഒറ്റശേഖരമംഗലം
9. വിദ്യാഭ്യാസ ജില്ല .. നെയ്യാറ്റിൻകര
10. സബ് ജില്ല: കാട്ടാക്കട
11. ക്ലാസുകൾ : 8-10
12. മാനേജ്മെന്റ്: എയ്ഡഡ്
13. പഠന മാധ്യമം: ഇംഗ്ലീഷ് & മലയാളം

## ആമുഖം

കാട്ടാക്കട താലൂക്കിൽ കിഴക്കൻ മലയോര പ്രദേശത്തിന്റെ താഴ്‌വാരത്ത് സാമ്പത്തികമായും സാമൂഹ്യമായും സാംസ്കാരികമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾ തിങ്ങി പാർക്കുന്ന ഒരു മലനാടൻ പ്രദേശമാണ് പൂഴനാട്.

## ചരിത്രം

ഒറ്റശേഖരമംഗലം പഞ്ചായത്തിന്റെ വടക്കൻ പ്രദേശമായ കുന്നനാട്, പൂഴനാട്, കടമ്പറ, ആലച്ചൽകോണം എന്നീ വാർഡുകളിലും കള്ളിക്കാട് പഞ്ചായത്തിന്റെ തെക്കൻ പ്രദേശമായ മൈലക്കര, നാൽപ്പറക്കുഴി, ശ്യാമളപ്പുറം, നാരകത്തിൻകുഴി എന്നീ വാർഡുകളിലുമായി അധിവസിക്കുന്നതിൽ 80% ഉം പിന്നോക്ക ജനവിഭാഗങ്ങളാണ്. ആ പ്രദേശത്തു അഞ്ചാംക്ലാസ് വരെയുള്ള ഒരു ഗവ: എൽ.പി.എസ് മാത്രമാണ് വിദ്യാഭ്യാസ സ്ഥാപനമായി ഉണ്ടായിരുന്നത്. ഈ നാടിന്റെ സർവ്വതോമുഖമായ പുരോഗതിയ്ക്കു വേണ്ടി പ്രവർത്തിച്ച റിട്ട: അദ്ധ്യാപകനായ ശ്രീ. ഈനോസ് അവർകളും ശ്രീ. കരിമണ്ണറക്കോണം കൃഷ്ണപിള്ള അവർകളും

നിരന്തരം പരിശ്രമിച്ചുവെങ്കിലും ടി. സ്കൂളിൽ ഉയർന്ന ക്ലാസുകൾ സ്ഥാപിക്കാൻ കഴിഞ്ഞില്ല. വിദ്യാഭ്യാസ പരമായ പുരോഗതി ഇല്ലായ്മ ഈ നാട്ടിലെ പാവപ്പെട്ട ജനതയ്ക്ക് ഒരു ശാപമായിരുന്നു. അവരെ ഭിന്നിപ്പിക്കുവാനും ജാതീയമായി തമ്മിലടിപ്പിക്കുവാനും ആർക്കും തന്നെ കഴിയുമായിരുന്നു. അങ്ങനെ ഒരു കാലഘട്ടത്തിലാണ് പൂഴനാട് സീതി സാഹിബ് മെമ്മോറിയൽ അപ്പർ പ്രൈമറി സ്കൂൾ 1976 ജൂൺ 1 നു സ്ഥാപിതമായത്. ശ്രീ.സുബൈർ കുഞ്ഞു മൗലവിയുടെ നേതൃതത്തിൽ സ്ഥാപിതമായ ആ സ്കൂളിൽ അദ്ധ്യാപകനും, പൊതുപ്രവർത്തകനുമായ ശ്രീ.എൻ.സുരേന്ദ്രൻ കുണ്ടാമം പ്രഥമ അദ്ധ്യാപകനായി എത്തുകയും, അദ്ദേഹത്തിന്റെ ശ്രമഫലമായി ശ്രീ.എൻ.നീലകണ്ഠൻ നാടാർ കുണ്ടാമത്തിന്റെ അനുഗ്രഹാശിസ്സുകളോടെ പൂഴനാട് ജംഗ്ഷനിലെ കുടുംബ വസ്തുവായ 3 ½ ഏക്കർ വിസ്തീർണമുള്ള സ്ഥലത്തു നാട്ടുകാരുടെ ആത്മാർത്ഥമായ സഹായ സഹകരണങ്ങളോടെ എം.ജി.എം.ട്രസ്റ്റിന്റെ മാനേജ്മെന്റിൽ 1983 ഒക്ടോബർ 23 ന് സ്ഥാപിതമായ സ്കൂളാണ് മഹാത്മാഗാന്ധി മെമ്മോറിയൽ ഹൈസ്കൂൾ (എം.ജി.എം.എച്ച്.എസ്.) പൂഴനാട്.

ഒറ്റശേഖരമംഗലം പഞ്ചായത്തിന്റെ വടക്കൻ പ്രദേശമായ കുന്നനാട്, പുഴനാട്, കടമ്പറ, ആലച്ചൽകോണം എന്നീ വാർഡുകളിലും കള്ളിക്കാട് പഞ്ചായത്തിന്റെ തെക്കൻ പ്രദേശമായ മൈലക്കര, നാൽപ്പറക്കുഴി, ശ്യാമളപ്പുറം, നാരകത്തിൻകുഴി എന്നീ വാർഡുകളിലുമായി അധിവസിക്കുന്നതിൽ 80% ഉം പിന്നോക്ക ജനവിഭാഗങ്ങളാണ്. ആ പ്രദേശത്തു അഞ്ചാംക്ലാസ് വരെയുള്ള ഒരു ഗവ: എൽ.പി.എസ് മാത്രമാണ് വിദ്യാഭ്യാസ സ്ഥാപനമായി ഉണ്ടായിരുന്നത്. ഈ നാടിന്റെ സർവ്വതോമുഖമായ പുരോഗതിയ്ക്കു വേണ്ടി പ്രവർത്തിച്ച റിട്ട: അദ്ധ്യാപകനായ ശ്രീ. ഈനോസ് അവർകളും ശ്രീ. കരിമണ്ണറക്കോണം കൃഷ്ണപിള്ള അവർകളും നിരന്തരം പരിശ്രമിച്ചുവെങ്കിലും ടി. സ്കൂളിൽ ഉയർന്ന ക്ലാസുകൾ സ്ഥാപിക്കാൻ കഴിഞ്ഞില്ല. വിദ്യാഭ്യാസ പരമായ പുരോഗതി ഇല്ലായ്മ ഈ നാട്ടിലെ പാവപ്പെട്ട ജനതയ്ക്ക് ഒരു ശാപമായിരുന്നു. അവരെ ഭിന്നിപ്പിക്കുവാനും ജാതീയമായി തമ്മിലടിപ്പിക്കുവാനും ആർക്കും തന്നെ കഴിയുമായിരുന്നു. അങ്ങനെ ഒരു കാലഘട്ടത്തിലാണ് പുഴനാട് സീതി സാഹിബ് മെമ്മോറിയൽ അപ്പർ പ്രൈമറി സ്കൂൾ 1976 ജൂൺ 1 നു സ്ഥാപിതമായത്. ശ്രീ.സുബൈർ

കുഞ്ഞു മൗലവിയുടെ നേതൃത്വത്തിൽ സ്ഥാപിതമായ ആ സ്കൂളിൽ അദ്ധ്യാപകനും, പൊതുപ്രവർത്തകനുമായ ശ്രീ.എൻ.സുരേന്ദ്രൻ കുണ്ടാമം പ്രഥമ അദ്ധ്യാപകനായി എത്തുകയും, അദ്ദേഹത്തിന്റെ ശ്രമഫലമായി ശ്രീ.എൻ.നീലകണ്ഠൻ നാടാർ കുണ്ടാമത്തിന്റെ അനുഗ്രഹാശിസ്സുകളോടെ പൂഴനാട് ജംഗ്ഷനിലെ കുടുംബ വസ്തുവായ 3 ½ ഏക്കർ വിസ്തീർണമുള്ള സ്ഥലത്തു നാട്ടുകാരുടെ ആത്മാർത്ഥമായ സഹായ സഹകരണങ്ങളോടെ എം.ജി.എം.ട്രസ്റ്റിന്റെ മാനേജ്മെന്റിൽ 1983 ഒക്ടോബർ 23 ന് സ്ഥാപിതമായ സ്കൂളാണ് മഹാത്മാഗാന്ധി മെമ്മോറിയൽ ഹൈസ്കൂൾ (എം.ജി.എം.എച്ച്.എസ്.) പൂഴനാട്. ആദ്യ വിദ്യാർത്ഥി ശ്രീമതി. ജയശീല മാർക്കോസ് ഉം ആദ്യ അദ്ധ്യാപിക ശ്രീമതി.എസ്.ജഗദമ്മ പിള്ള(ഹിന്ദി)യും ആയിരുന്നു. 54 വിദ്യാർത്ഥികളുമായി 1983 ഒക്ടോബറിൽ ആരംഭിച്ച ഹൈസ്കൂൾ സെക്ഷൻ മാത്രമുള്ള ഈ സ്ക്കൂൾ തൊണ്ണൂറ്റിരണ്ടോടു കൂടി 535 വിദ്യാർത്ഥികളുടെ പഠന കേന്ദ്രമായി ഉയർന്നു. ഹയർസെക്കണ്ടറി സെക്ഷന്റെ അഭാവവും എണ്ണമറ്റ അൺഎയ്ഡഡ് സ്ക്കൂളുകളുടെ വളർച്ചയും ഈ സ്കൂളിന്റെ പുരോഗതിയെ പ്രതികൂലമായി ബാധിച്ചു. അതിപ്പോൾ 152

വിദ്യാർത്ഥികൾ മാത്രം പഠിക്കുന്ന ഒരു സ്ക്കൂളായി തുടരേണ്ടി വന്നിരിക്കുന്നു.ഈ സ്കൂളിലെ മുൻ പ്രധാന അദ്ധ്യാപകൻ ശ്രീ.എൻ.സുരേന്ദ്രൻ സാറിന്റെ കാലമാണ് സ്കൂളിന്റെ സുവർണ്ണ കാലം.ആദ്യ വിദ്യാർത്ഥി ശ്രീമതി. ജയശീല മാർക്കോസ് ഉം ആദ്യ അദ്ധ്യാപിക ശ്രീമതി.എസ്.ജഗദമ്മ പിള്ള(ഹിന്ദി)യും ആയിരുന്നു. 54 വിദ്യാർത്ഥികളുമായി 1983 ഒക്ടോബറിൽ ആരംഭിച്ച ഹൈസ്കൂൾ സെക്ഷൻ മാത്രമുള്ള ഈ സ്ക്കൂൾ തൊണ്ണൂറ്റിരണ്ടോടു കൂടി 535 വിദ്യാർത്ഥികളുടെ പഠന കേന്ദ്രമായി ഉയർന്നു. ഹയർസെക്കണ്ടറി സെക്ഷന്റെ അഭാവവും എണ്ണമറ്റ അൺഎയ്ഡഡ് സ്ക്കൂളുകളുടെ വളർച്ചയും ഈ സ്കൂളിന്റെ പുരോഗതിയെ പ്രതികൂലമായി ബാധിച്ചു. അതിപ്പോൾ 30 വിദ്യാർത്ഥികൾ മാത്രം പഠിക്കുന്ന ഒരു സ്ക്കൂളായി തുടരേണ്ടി വന്നിരിക്കുന്നു.

## ഭൗതികസൗകര്യങ്ങൾ

3 ½ ഏക്കർ സ്ഥലത്താണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. നാലു കെട്ടിടങ്ങളിലായി 19 ക്ലാസ് മുറികൾ ഈ സ്കൂളിനുണ്ട് . നല്ല ഒരു ലൈബ്രറിയും ലാബും കമ്പ്യൂട്ടർ ലാബും ഈ സ്കൂളിൽ പ്രവർത്തനക്ഷമമായിട്ടുണ്ട്. ഇവിടെ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യവും

ലഭ്യമാണ്. ആൺകുവട്ടികൾക്കും പെൺകുവട്ടികൾക്കും പ്രത്യേകമായി വിശാലമായ കളിസ്ഥലവും ഉണ്ട്.

## പാഠ്യേതര പ്രവർത്തനങ്ങൾ

സ്കൗട്ട് & ഗൈഡ്സ്.

ഹരിത വിദ്യാലയം

ജൈവ പച്ചക്കറി തോട്ടം

** ഐ.ടി. ക്ലബ്

## ലിറ്റൽ കൈറ്റ്സ്

സാങ്കേതിക വിദ്യയിൽ വിദ്യാർത്ഥികളെ മികച്ച നിലവാരത്തിലെത്തിക്കുക എന്ന ഉദ്ദേശത്തോടുകൂടി കൈറ്റ് കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ ഒൻപതാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിയ ഡിജിറ്റൽ പഠനപദ്ധതിയാണ് ലിറ്റൽ കൈറ്റ്സ്.

## സയൻസ് ക്ലബ്

സയൻസ് ക്ലബ് പ്രവർത്തനങ്ങൾ എം ജി എം എച്ച് എസ്സ് പുഴനാടിലെ സയൻസ് ക്ലബ് പ്രവർത്തനങ്ങൾ ഫിസിക്കൽ സയൻസ് അധ്യാപികയായ ശ്രീമതി അമ്പിളി എസ്സ് ന്റെ നേതൃത്വത്തിൽ നടന്നു വരുന്നു . ഓരോ

ക്ലാസ്സുകളിൽ നിന്നും പത്തോളം കുട്ടികൾ ഈ ക്ലബ്ബിൽ അംഗങ്ങൾ ആണ് .

## ഗണിത ശാസ്ത്ര ക്ലബ്

ഗണിത ശാസ്ത്ര ക്ലബ് പ്രവർത്തനങ്ങൾ എം ജി എം എച്ച് എസ്സ് പൂഴനാടിലെ ഗണിത ശാസ്ത്ര ക്ലബ് പ്രവർത്തനങ്ങൾ ഗണിത ശാസ്ത്ര അധ്യാപികയുടെ നേതൃത്വത്തിൽ നടന്നു വരുന്നു .ഇരുപതോളം വിദ്യാർത്ഥികൾ ഈ ക്ലബ്ബിൽ അംഗങ്ങൾ ആണ് .

## സോഷ്യൽ സയൻസ് ക്ലബ്

## സോഷ്യൽ സയൻസ് ക്ലബ് പ്രവർത്തനങ്ങൾ

എം ജി എം എച്ച് എസ്സ് പൂഴനാടിലെസോഷ്യൽ സയൻസ് ക്ലബ് പ്രവർത്തനങ്ങൾ സോഷ്യൽ സയൻസ് അധ്യാപകനായ ശ്രീ .ശ്രീജിത്ത് ലാൽ സാറിന്റെ നേതൃത്വത്തിൽ നടന്നു വരുന്നു .ഇരുപതോളം വിദ്യാർത്ഥികൾ ഈ ക്ലബ്ബിൽ അംഗങ്ങൾ ആണ് .

## പരിസ്ഥിതി ക്ലബ്

മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഒരു പരിസ്ഥിതി ക്ലബ് ഈ

വിദ്യാലയത്തിൽവിദ്യാർത്ഥികളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുണ്ട് .

**വിദ്യാരംഗം കലാസാഹിത്യവേദി**

**വിദ്യാരംഗം കലാ സാഹിത്യ വേദി പ്രവർത്തനങ്ങൾ**

അധ്യയന വർഷത്തെ ക്ലബ് പ്രവർത്തനങ്ങൾ പൂർണമായും ഓൺലൈൻ വഴി ആയിരുന്നു . എന്നാലും ഓൺലൈൻ വഴി നടത്തിയ എല്ലാ മത്സരങ്ങളിലും വിദ്യാർത്ഥികൾ പങ്കെടുത്തു എന്നത് വളരെ അഭിമാനകരമാണ്

വിദ്യാരംഗം കലാസാഹിത്യവേദി വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ ദിനാചരണങ്ങൾ വളരെ ഭംഗിയായി നടത്താറുണ്ട്. എല്ലാമാസത്തിലും പുതുമയുള്ള പരിപാടികളും മത്സരങ്ങളും സംഘടിപ്പിക്കാറുണ്ട്.

**'ഗ്രന്ഥ ശാല'''**

വായനയിൽ താല്പര്യം ജനിപ്പിക്കുന്നതിനായി മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഒരു

ഗ്രന്ഥശാലയുണ്ട് . എല്ലാ വിദ്യാർത്ഥികളും ഗ്രന്ഥശാലയിലെ അംഗങ്ങൾ ആണ് . കോവിഡ് കാലയളവിലും ഈ ഗ്രന്ഥ ശാല പ്രവർത്തിപ്പിച്ചു . അഞ്ഞൂറോളം പുസ്തകങ്ങൾ ഈ ഗ്രന്ഥ ശാലയിൽ ഉണ്ട് .

## ഫിലിം ക്ലബ്

## ഫിലിം ക്ലബ് പ്രവർത്തനങ്ങൾ

കഴിവുകൾ ഉള്ളകുട്ടികളെ കണ്ടെത്തി അവരുടെ സർഗ്ഗചോദനകളെ സംയോജിപ്പിച്ച്, സമൂഹനന്മ ലക്ഷ്യമാക്കിയുള്ള കലാസംൃഷ്ടികൾക്ക് പ്രാപ്തരാക്കുക എന്നതാണ് അരീക്കോട് ഗവൺമെന്റ് ഹയർസെക്കന്ററി സ്ക്കൂളിലെ ജേണലിസം വിദ്യാർഥികളുടെ കൂട്ടായ്മയായ കാഴ്ച എന്ന ഫിലിം ക്ലബ്ബിന്റെ ലക്ഷ്യം

## ആർട്സ് ക്ലബ്ബ്

ചിത്രകല , ഗാനം , നടനം, പ്രസംഗം ,മോണോ ആക്ട് , മിമിക്രി , വിവിധ ഭാഷകളിലെ പദ്യം ചൊല്ലൽ കരകൗശല വസ്തുക്കളുടെ നിർമ്മാണം എന്നിവയ്ക്ക് പരിശീലനം നൽകി വരുന്നു .

## 'സ്പോർട്സ് ക്ലബ്ബ്

സ്പോർട്സ് ക്ലബ് ഈ സ്കൂളിൽ വളരെ സജീവമായി പ്രവർത്തിച്ചു വരുന്നു. എല്ലാ ദിവസവും വൈകിട്ട് സ്പോർട്സ് ഇനങ്ങളിൽ അധ്യാപകർ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു. സബ് ജില്ലാമത്സരങ്ങളിലും ജില്ലാതലത്തിലും കുട്ടികൾ മികച്ച പ്രകടനം കാഴ്ചവക്കാറുണ്ട്. സംസ്ഥാനതലത്തിലും ഈ സ്കൂളിലെ മിടുക്കി മിടുക്കന്മാർ പങ്കെടുക്കുന്നു.

**ഗാന്ധിദർശൻ**

കുട്ടികളിലെ സാമൂഹ്യ ബോധവും സേവന സന്നദ്ധതയും വളർത്തുവാനായി പ്രവർത്തിച്ചുവരുന്ന ഒരു സംഘടനയാണിത്.ഗാന്ധിജയന്തി,സേവന വാരം, രക്തസാക്ഷിത്വ ദിനം എന്നിവ ഗാന്ധിദർശൻ ക്ലബ്ബിന്റെ നേതൃത്വത്തിലാണ് നടത്തപ്പെടുന്നത്.ഗാന്ധിഭവന്റെ നിർദേശാനുസരണം ഗാന്ധിജിയുടെ ജീവിതമാതൃക മനസിലാക്കുന്നതിനും പഠിക്കുന്നതിനും ഉതകുന്ന പുസ്തകങ്ങൾ വിതരണം ചെയ്യുകയും പരീക്ഷകൾ നടത്തി വിലയിരുത്തുകയും ചെയ്യുന്നു.

**മാനേജ്മെന്റ്**

ഇത് ഒരു കോർപ്പറേറ്റ് മാനേജ്മെന്റ് സ്ഥാപനമാണ്. എം ജി എം എച്ച് എസ്സ് പുഴനാട് എന്നാണ് വിദ്യാഭ്യാസ ഏജൻസിയുടെ പേര്. ഇതിൽ മൂന്ന് അംഗങ്ങളാണ് ഉള്ളത്. ശ്രീ എൻ. നീലകണ്ഠൻ നാടാർ , ശ്രീ എൻ സുശീലൻ , ശ്രീ എൻ സുഭാഷിതൻ എന്നിവർ ബോർഡ് അംഗങ്ങൾ ആയിരുന്നു ശ്രീ. എൻ. നീലകണ്ഠൻ നാടാർ ആദ്യ അംഗമായിരുന്നു. അദ്ദേഹം 1990 ആഗസ്റ്റ് 13 നു ഇഹലോകവാസം വെടിഞ്ഞു.

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

## സാമൂഹികം

### നേട്ടങ്ങൾ

സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധസംഘടനകളുടെ പ്രവർത്തനം സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. അതുപോലെ സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നു. സാമൂഹ്യ ശുചിത്വം, ട്രാഫിക് നിയന്ത്രണം, വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറെ മാതൃകാപരമായി നടത്തുകയും സമൂഹത്തിന്റെ അംഗീകാരം പിടിച്ചുപറ്റിയവയുമാണ്.

### പരിമിതികൾ

പ്രവർത്തനങ്ങളുടെ ബാഹുല്യം കൊ ും പഠനസമയം കുടുതൽ നഷ്ടപ്പെടുന്നതിനാലും പഠനസമയത്തുള്ള ചില പ്രവർത്തനങ്ങളെങ്കിലും ഏറ്റെടുക്കാനുള്ള പരിമിതി ഉ ്.

## അക്കാദമിക മികവിനായി ഏറ്റെടുക്കേ പ്രവർത്തനങ്ങൾ

വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ
4. വായനാ ശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്രപോഷണ പരിപാടി
6. ലാബോറട്ടറി നവീകരണം - ശാസ്ത്രം, ഗണിതം & SS
7. പ്രതിഭാപോഷണ പരിപാടി
8. ലൈബ്രറി ശാക്തീകരണം
9. ജൈവ വൈവിധ്യപാർക്ക് - ഒരുക്കൽ
10. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
11. പഠനയാത്രകൾ
12. സ്കൂൾ പത്രം, മാസിക
13. അധ്യാപക ശാക്തീകരണം - സ്കൂൾ SRG തലം
14. പ്രവൃത്തി പരിചയ പരിശീലനം
15. കലാപരിപോഷണം
16. പച്ചക്കറിത്തോട്ടം
17. സാഹിത്യ ശില്പശാലകൾ
18. മെഡിക്കൽ ക്യാമ്പുകൾ
19. രക്തഗ്രൂപ്പ് നിർണയം
20. ലഘുഭക്ഷണം കാര്യക്ഷമമാക്കി പഠനത്തിന് സജ്ജമാക്കൽ
21. സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ
22. ഭാഷാ ലാബ്

23. ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ

24. ഗവേഷണാത്മക പഠനം

25. കായികശേഷി വികസനം

26. വിലയിരുത്തൽ കാര്യക്ഷമമാക്കൽ

27. ചോദ്യപേപ്പർ ശില്പശാല

28. ഐ.ടി.പഠനം - കാര്യക്ഷമമാക്കൽ

29. ജന്മദിന പുസ്തകം

30. ചിത്രരചനാ ക്യാമ്പ്

31. ശാസ്ത്ര, ഗണിതശാസ്ത്ര, SS, IT, പ്രവൃത്തി പരിചയ മേളകൾ

32. ക്ലാസ് പി.ടി.എ. കാര്യക്ഷമമാക്കൽ

## പ്രവർത്തനം - വിശദാംശങ്ങൾ

**ഉപമേഖല - ഇംഗ്ലീഷ് ഭാഷാ പഠനം**
**പ്രവർത്തനം 1 - ഭാഷാശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം. | 1) ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ. | എല്ലാ ക്ലാസ്സും | ബന്ധപ്പെട്ട ടീച്ചർ | |
| | 2). ഇംഗ്ലീഷ് ക്ലബ്ബ് ന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ - ഇംഗ്ലീഷിൽ ഡിബേറ്റ്, സെമിനാർ, പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം ഒരു വർഷത്തേക്ക് | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി, ക്ലാസ് ടീച്ചർ ഇൻചാർജ് | |
| | 3). ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി മാറി മാറി ഓരോ ക്ലാസിനും ചുമതല | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |
| | 4). ഇംഗ്ലീഷിൽ ഡയറി എഴുത്ത് - ഓരോ കുട്ടിയും | എല്ലാ ദിവസവും - തുടർച്ചയായി | ഇംഗ്ലീഷ് അധ്യാപകർ | |

**ഉപമേഖല: ഇംഗ്ലീഷ്**
**പ്രവർത്തനം: 2 ഇംഗ്ലീഷ് തിയറ്റർ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | 1). ഇംഗ്ലീഷ് കഥ, കവിത - രചനാ ക്യാമ്പ്. ഉൽപ്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ - (CPTAകാണിക്കൽ). | 3 മാസത്തിൽ ഒരിക്കൽ - 1 വർഷം | ഇംഗ്ലീഷ് ടീച്ചർ | 2000/-പി.ടി.എ. പ്രാദേശിക സഹായം |

| | | | | |
|---|---|---|---|---|
| | 2) പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരണം സ്കിറ്റ്, നാടകം, സംഭാഷണം തുടങ്ങിയ രീതികൾ | മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് ടീച്ചർ, ക്ലബ്ബ് സെക്രട്ടറി | 2000/പി.ടി.എ |
| | 3) ഇംഗ്ലീഷ് ന്യൂസ് റീഡിംഗ് | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | - |
| | 4) ഇംഗ്ലീഷ് സിനിമാ പ്രദർശനം | 2 മാസത്തിൽ | ഇംഗ്ലീഷ് ക്ലബ്ബ് ഇൻ-ചാർജ് | പി.ടി.എ |
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ | സ്കൂൾ അധിക സമയങ്ങളിൽ (3 to 12, 4 to 5) വ്യാകരണത്തിന് പ്രാധാന്യം നൽകി ക്ലാസ് | ഇംഗ്ലീഷ് ടീച്ചർ ആഴ്ചയിൽ 2 ദിവസം | ഇംഗ്ലീഷ് ടീച്ചർ | പി.ടി.എ 1000/for Refreshment |
| വായന പരിപോഷിപ്പിക്കൽ | ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകം എന്നിവ ഉൾപ്പെടുത്തൽ - വായനാ കുറിപ്പ് തയ്യാറാക്കൽ | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | - |
| കുട്ടികളുടെ രചനകൾ സമാഹരിക്കൽ | കുട്ടികളുടെ രചനകൾ സ്കൂൾ വിക്കിയിൽ ചേർക്കൽ | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി | - |

## ഉപമേഖല - മലയാളം

### പ്രവർത്തനം 1 - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ധന സ്രോതസ് |
|---|---|---|---|---|
| 1) എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം (ശ്രവണ, ഭാഷണ) ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | 1). അക്ഷരം ഉറപ്പിക്കൽ<br>2) ചിഹ്നം ഉറപ്പിക്കൽ<br>3). പദ നിർമ്മാണം<br>4) വാക്യനിർമ്മാണം<br>5). ഭാഷാപരമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ് | 2 മാസം 1 വർഷം മൊത്തം | മലയാളം ടീച്ചർ, SRG | PTA, Dept |
| 1) എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | 1. ക്ലാസ് വായന കൂട്ടം രൂപീകരിക്കൽ<br>2. ക്ലാസ് ലൈബ്രറി സജീകരിക്കൽ<br>3. പുസ്തകവർഷം പുസ്തകചർച്ച<br>4. ക്ലാസ് നിലവാരം അടിസ്ഥാനപ്പെടുത്തി പുസ്തകങ്ങൾ ഒരുക്കൽ<br>5. വായനക്കാരുടെ വാർഷിക പദ്ധതി (ഓരോ കുട്ടിയും വായന ലക്ഷ്യം തീരുമാനിക്കൽ)<br>6. സ്കൂൾ ലൈബ്രറി നവീകരണം<br>7. റീഡിംഗ് റൂം പ്രത്യേക സൗകര്യമൊരുക്കൽ<br>8. വായനാവാരം<br>9. ജന്മദിന പുസ്തകം<br>10. പത്രവായന | 6 മാസം- 1 വർഷം<br>ആവശ്യമനുസരിച്ച്<br>3 മാസം<br>6 മാസം-1 വർഷം | വിദ്യാരംഗം ചാർജ് മലയാളം ടീച്ചർ<br>മലയാളം അധ്യാപകർ, SRG<br>മലയാളം ടീച്ചർ | PTA<br>PTA 10,00,000/-<br>-<br>-<br>- |

| ഉപമേഖല: | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക/ പിന്തുണ |
| 1.പത്രവായന പരിപോഷിപ്പിക്കുക | പത്രവായന - പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ. | 3 മാസം | വിദ്യാരംഗം ഇൻ ചാർജ് | PTA |
| | ഓരോ ക്ലാസിനും ഓരോ പത്രം. | | " | |
| | രാവിലെ പ്രധാന പത്രവാർത്തകളുടെ അവതരണം പത്ര ക്വിസ് | ദിവസേന<br>ആഴ്ചയിൽ ഒരു ദിവസം | മലയാളം അധ്യാപകർ | PTA |
| 2.സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്കുവെക്കൽ | | | |
| | സാഹിത്യക്വിസ്- രചനാ ശില്പശാല (കവിത,കഥ) | വർഷത്തിൽ 1 തവണ | SRG | PTA |
| | കവിതാലാപന മത്സരം | മാസത്തിൽ 1 തവണ | വിദ്യാരംഗം | |
| | ക്ലാസ്തല, സ്കൂൾതല പത്രം പ്രസിദ്ധീകരിക്കൽ | മാസത്തിൽ 1 തവണ<br>6 മാസത്തിൽ ഒരിക്കൽ | വിദ്യാരംഗം SRG | PTA 15000/- Sponsorship |
| | പുസ്തകചർച്ച, പുസ്തകാസ്വാദനം ഇ-വായന | മാസത്തിൽ 1 തവണ | വിദ്യാരംഗം | |
| | സാഹിത്യകാരനുമായി സംവദിക്കൽ | വർഷത്തിൽ 1 തവണ | വിദ്യാരംഗം SRG | PTA |
| | അമ്മമാർക്കൊരു പുസ്തകം (വീടുകളിലേക്ക് കുട്ടികൾ വശം) | ആഴ്ചയിൽ ഒരിക്കൽ | വിദ്യാരംഗം | |

## ഉപമേഖല - ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| വിവിധ ശേഷി കളുടെവികസനം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാച രണങ്ങൾ പഠനപ്ര വർത്തനമായി സംഘടിപ്പിക്കൽ | ജൂൺ-മാർച്ച് | SRG | - |

## ഉപമേഖല - സോഷ്യൽ സയൻസ് - മോക്ക് പാർലിമെന്റ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| ജനാധിപത്യമൂ ല്യങ്ങൾ വളർത്തിയെടു ക്കൽ | പ്രകടനപത്രിക, പ്രചാരണം, മിറ്റ് ദ കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപ യോഗിച്ചുള്ള വോട്ടെ ടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലിമെന്റ് രൂപീകരണം<br>തുടർന്ന് മോക്ക് പാർലിമെന്റ് സംഘ ടിപ്പിക്കൽ | വർഷത്തിൽ നാല് തവണ | SS അധ്യാപ കർ, സ്കൂൾ പാർലിമെന്റ് ഭാരവാഹികൾ | |

## ഉപമേഖല - സാമൂഹ്യശാസ്ത്രം ലൈബ്രറി കോർണർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര പഠനം കാര്യ ക്ഷമമാക്കൽ | അധികവായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റ്ലസുകൾ തുട ങ്ങിയവ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവ യിൽ | വർഷത്തിൽ 1 തവണ | SS Teachers | - |
| | പ്രദർശിപ്പിക്കൽ തുടർന്ന് ക്ലാസ് ലൈബ്രറിയിൽ വിത രണം. | ആഴ്ചയിൽ 1 തവണ | - | - |

## ഉപമേഖല - സാമൂഹ്യശാസ്ത്ര ബുള്ളറ്റിൻ ബോർഡ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര-നൂതന അറിവുകൾ- കണ്ടെത്തലുകൾ പ്രദർശനം | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ S.S. കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കൽ. | എല്ലാ ദിവസവും<br>ഒരു വർഷം | S.S.ക്ലബ്ബ് | - |

## ഉപമേഖല - പഠനയാത്രകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
|---|---|---|---|---|
| പഠനയാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ചുമർചിത്രങ്ങൾ, ക്ഷേത്രകലകൾ, കോട്ടകൾ തുടങ്ങിയവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കൽ | സാമൂഹ്യപ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്രസ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ 1 തവണ | S.S.ടീച്ചേഴ്സ് | PTA |

## ഉപമേഖല - സംവാദം, സെമിനാർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം. പ്രത്യേക വിഷയങ്ങളിൽ സെമിനാർ തുടങ്ങിയവ (കൂടുതൽ അറിയാൻ) | സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം, സെമിനാർ, പാനൽ ചർച്ച തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ 1 വീതം | SRG, S.S.Club | ജനപ്രതിനിധികൾ, 10,000/- PTA |

## ഉപമേഖല - ആരോഗ്യമുള്ള ശരീരം,മനസ്സ് രൂപപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം, ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തൽ, വിദ്യാഭ്യാസം ഫലപ്രദമാക്കൽ | 1. കരാട്ടെ, തെയ്ക്കോണ്ടോ, കളരിപ്പയറ്റ്, പൂരക്കളി തുടങ്ങിയവയിൽ പരിശീലനം. | ആഴ്ചയിൽ എല്ലാ ദിവസവും വൈകീട്ട് (പ്രവൃത്തി ദിനങ്ങളിൽ) 3 മാസം | കായികാധ്യാപകൻ | 25,000/- വിദ്യാഭ്യാസ വകുപ്പ് |
| | 2.സ്വയം പ്രതിരോധം പെൺകുട്ടികൾക്ക് മേൽപ്പറഞ്ഞവയിൽ പെൺകുട്ടികൾക്ക് പരിശീലനം (പൂരക്കളി ഒഴികെ) | ആഴ്ചയിൽ പ്രവൃത്തി ദിനങ്ങളിൽ വൈകീട്ട് 4 to 5 മണി 3 മാസം | കായികാധ്യാപകൻ | 25,000/- വിദ്യാഭ്യാസ വകുപ്പ് |

## ഉപമേഖല - സ്കോളർഷിപ്പ് പരീക്ഷ പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾ മത്സര പരീക്ഷയിലൂടെ ലഭ്യമാക്കൽ | NMMS ഉൾപ്പെടെയുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് ചിട്ടയായ പരിശീലനത്തിലൂടെ ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ഉറപ്പുവരുത്തൽ. | 1 വർഷത്തിൽ 3 മാസം | സയൻസ് ടീച്ചർ | - |

| മേഖല - അക്കാദമികം - സാമൂഹികം<br>ഉപമേഖല: CPTA ശക്തിപ്പെടുത്തൽ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ്, പോരായ്മകൾ എന്നിവ തിരിച്ചറിയാനും മുന്നോട്ടെത്തിക്കുന്നതിൽ സഹകരണം ഉറപ്പുവരുത്തലും | CPTA യോഗം കാര്യക്ഷമമായി നടത്തൽ, കുട്ടികളുടെ പഠനനേട്ടങ്ങൾ, പഠനതെളിവുകൾ, എത്താതെ പോയ പഠനനേട്ടം തുടങ്ങിയവയുടെ അവതരണം CPTA യിൽ. | 1 വർഷത്തിൽ 3 മാസത്തിൽ ഒരിക്കൽ | SRG, ക്ലാസ് ടീച്ചർ | - |

| മേഖല - അക്കാദമികം - സാമൂഹികം<br>ഉപമേഖല: പ്രാദേശിക പി.ടി.എ (കോർണർ പി.ടി.എ) | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| പ്രാദേശിക പി.ടി.എ. രൂപീകരിക്കലും അക്കാദമിക കാര്യങ്ങൾ പങ്കുവെക്കലും സ്കൂൾ പ്രവർത്തനങ്ങളിൽ സമൂഹപങ്കാളിത്തം ഉറപ്പുവരുത്തലും | SSLCക്ക് മികച്ച വിജയം നേടുന്നതിന് 10-ാംതരം വിദ്യാർത്ഥികളുടെ രക്ഷിതാക്കളെ മേഖലകളായി തിരിച്ച് പ്രാദേശിക പി.ടി.എ.യോഗങ്ങൾ ചേരൽ | വർഷത്തിൽ 3 പ്രാവശ്യം തുടക്കത്തിലും ഡിസംബർ ജനുവരി മാസങ്ങളിലും | PTA, SRG | PTA<br>5000 for Refreshment |

## ഉപമേഖല: ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ. | 1.ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണക്കളരി-പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ. | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | 1000/പി.ടി.എ. |
| | 2.സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | - |
| | 3.ഗവേഷണാത്മക പ്രോജക്റ്റ് ഏറ്റെടുത്തുള്ള പഠനം by സർവ്വെ, അഭിമുഖം, നിരീക്ഷണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 2.ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 3. **ശാസ്ത്രലാബ് നവീകരണം** ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ. | ഫിസിക്സ്. കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ. | ജനുവരി മുതൽ 1 മാസം | സയൻസ് ടീച്ചേർസ് | - |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| 1. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ. | സ്കൂൾ കെട്ടിടത്തിന് മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് സ്കൂളിനാവശ്യമുള്ള വൈദ്യുതി ലഭ്യമാക്കൽ. | 1 വർഷം | പി.ടി.എ | 5 ലക്ഷം MLA/MP ഫ |
| 2.പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ-കുട്ടി കുട്ടി-കുട്ടി (Peer Group) എന്നിങ്ങനെ 2 തലത്തിൽ പരിശീലനം. | ആഴ്ചയിൽ 2 ദിവസം | SRG, സയൻസ് ടീച്ചർ | - |
| 3. ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കൽ | 6 മാസത്തിൽ ഒരിക്കൽ | SRG, സയൻസ് ടീച്ചർ | |
| 4.ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ, സമഗ്രയിൽ ചേർക്കൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ - ചോദ്യപേപ്പർ സമഗ്രയിൽ Upload ചെയ്യൽ. | 3 മാസം | SRG, സയൻസ് ടീച്ചർ | 1000/- PTA |
| 5.മോഡൽ, നിർമ്മാണം (ശില്പശാല) | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ | 1 മാസം | SRG, സയൻസ് ടീച്ചർ | 2500/- PTA |

## ഉപമേഖല: പരിസ്ഥിതി സംരക്ഷണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.ജൈവ വൈവിധ്യപാർക്ക് വിപുലപ്പെടുത്തൽ, ജൈവ പന്തലൊരുക്കൽ. | സ്കൂൾ തന്നെ പാഠപുസ്തകം എന്ന ആശയം പ്രാവർത്തിക മാക്കി ഒരുക്കിയ ജൈവ വൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ, വള്ളിപ്പടർപ്പുകൽ കൊ ് ജൈവ പന്തലൊരുക്കൽ. | 3 മാസം | ഇക്കോക്ലബ് / എൻ.എസ്.എസ്. | പി.ടി.എ. 2000 |
| 2.സ്കൂൾ മുറ്റത്തെ ഔഷധത്തോട്ടം വിപുലപ്പെടുത്തൽ. | ഔഷധസസ്യങ്ങളെയും ഔഷധസസ്യങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിനും ഔഷധത്തോട്ടം വിപുലപ്പെടുത്തൽ എല്ലാ സസ്യങ്ങൾക്കും നാമകരണം. | 3 മാസം | ഇക്കോക്ലബ് / എൻ.എസ്.എസ്. | പി.ടി.എ. 2000 |
| 3.ജൈവവൈവിധ്യ രജിസ്റ്റർ പഠനത്തിന് ഉപയോഗപ്പെടുത്തൽ | ജൈവ വൈവിധ്യ രജിസ്റ്റർ ശാസ്ത്ര പഠനത്തിന് ഉപയോഗപ്പെടുത്തി നേർ അനുഭവം ഉറപ്പുവരുത്തൽ. | 3 മാസം | ഇക്കോക്ലബ് / എൻ.എസ്.എസ്. | - |
| 4.നാട്ടുമാവ് സംരക്ഷണം | സ്കൂൾ മുറ്റത്തെ നാട്ടുമാവുകൾക്ക് പൂർണ്ണസംരക്ഷണമൊരുക്കൽ | എല്ലാ ദിവസവും | ഇക്കോക്ലബ് | - |

## ഉപമേഖല: ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | 1) ഗണിത ലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാ ശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക | ലാബ് സജ്ജീ കരണം - അവ ധിക്കാലത്ത്. | പി.ടി.എ, ഗണിത ടീച്ചർ | 2,00,000/- |
| | 2). ജ്യാമിതീയ രൂപ ങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമു റ്റത്ത് ഗണിതപാർക്ക് സജ്ജീകരിക്കൽ. | ജൂൺ-ജൂലായ് | പി.ടി.എ, ഗണിത ടീച്ചർ | 2000/- പി.ടി.എ |
| 2.ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറ പ്പിക്കൽ | 1). വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടിക ളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പി ക്കുന്നു. | ജൂൺ 1 മാസം | ഗണിത ടീച്ചർ | പി.ടി.എ |
| | 2). ക്ലാസ്സിലെ കണ ക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗ പ്പെടുത്തി അടി സ്ഥാന ഗണിതാശയ ങ്ങൾ ഉറപ്പിക്കൽ | ജൂൺ 1 മാസം | ഗണിത ടീച്ചർ | - |
| 3. ഗണിത ക്ലിനിക്ക് | ഏറ്റവും മികച്ച വിദ്യാർത്ഥികളെയും അധ്യാപകരെയും ഉപയോഗപ്പെടുത്തി ഗണിതക്ലിനിക്ക്. | 1 വർഷം | ഗണിത ടീച്ചർ, ഗണിത ക്ലബ്ബ് | - |

# ഹിന്ദി

## മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. എല്ലാ കുട്ടി കൾക്കും മാതൃ ഭാഷ കൈകാ ര്യം ചെയ്യുന്നതു പോലെ ഹിന്ദി യിൽ എഴുതാ നും വായിക്കാ നുമുള്ള കഴിവ് ഉ ാക്കുക. | 1). ഹിന്ദി ന്യൂസ് പേപ്പർ വായിക്കാനു ള്ള സൗകര്യം ഒരു ക്കുക. | | ഹിന്ദി ടീച്ചർ | പി.ടി.എ. സ്പോൺസർഷിപ്പ |
| | 2).ലൈബ്രറിയിൽ ഹിന്ദിയിലുള്ള ചെറുപുസ്തക ങ്ങൾ എത്തിച്ച് വായന പ്രോത്സാ ഹിപ്പിക്കുക. | 2 മാസം | | |
| | 3).ഹിന്ദി ക്ലബ്ബിനെ ഊർജ്ജസ്വലമാക്കി കൂടുതൽ ശക്തിപ്പെ ടുത്തുകയും ആക ർഷകമാക്കുകയും ചെയ്യുക. | | ഹിന്ദി ടീച്ചർ | |
| | 4).ആഴ്ചയിൽ ഒരു തവണയെങ്കിലും ഹിന്ദി ഭാഷയിൽ അസംബ്ലി നട ത്തുക | ആവശ്യമനു സരിച്ച് | SRG, ഹിന്ദി ടീച്ചർ | |
| | 5).ഹിന്ദി നാടകം നടത്തുക. | | ഹിന്ദി ടീച്ചർ | |
| | 6). കുട്ടികളെ കൊ ചെറുചെറു വിഷയങ്ങളിൽ എഴുതാനുള്ള കഴിവ് വർദ്ധിപ്പിക്കു ക. | | ഹിന്ദി ടീച്ചർ | |
| | 7). ഹിന്ദി പ്രസംഗം, കവിതാലാപനം ഇവ പരിപോഷിപ്പി ക്കുക. | | | |

## ഉപമേഖല: പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| പ്രവൃത്തി പരിചയ പരിശീലനം | തല്പരരായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉൽപ്പന്നങ്ങൾ ഉ ാക്കൽ. ഇതിനായി വിദഗ്ദരുടെ സേവനം ഉപയോഗപ്പെടുത്തൽ. | 1 വർഷത്തിൽ 1 മാസം | SRG | 10,000/- തദ്ദേശ സ്വയംഭരണ സ്ഥാപനം |

## ഉപമേഖല: കലാരംഗം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| കലാമികവുള്ളവർക്ക് പരിശീലനം | ഉപകരണ സംഗീതത്തിലും മറ്റ് കലാവാസനകളും ഉള്ള കുട്ടികൾക്ക് വിദഗ്ദരെ പങ്കെടുപ്പിച്ച് പരിശീലനം നൽകൽ. | ആഴ്ചയിൽ 2 ദിവസം 1 വർഷം | SRG | PTA 10,000/- |

## ഉപമേഖല: ORC

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| കുട്ടികളെ നേർവഴിക്ക് നയിക്കുന്നതിന് ORC ട്രെയിനിംഗ് സഹവാസ ക്യാമ്പുകൾ | ORC ട്രെയിനിംഗിന്റെ ഭാഗമായി സഹവാസ ക്യാമ്പുകളും ട്രെയിനിംഗ് ക്ലാസ്സുകളും. | 6 മാസത്തിൽ ഒരിക്കൽ | ORC,Nodel Teacher | 50,000/- സാമൂഹ്യ നീതി വകുപ്പ് |

## ഉപമേഖല: സ്വയം തൊഴിൽ നൈപുണി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| പെൺകുട്ടികൾക്ക് സ്വയം തൊഴിൽ പരിശീലനം | നിർധനരായ കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് സ്വയം തൊഴിൽ നൈപുണി വികസനത്തിന്റെ ഭാഗമായി സൗജന്യ തുന്നൽ പരിശീലനം. | ആഴ്ചയിൽ 3 ദിവസം വൈകുന്നേരം. 2 വർഷം | സീനിയർ അസിസ്റ്റന്റ് | പി.ടി.എ 1 വർഷം 40,000/- |

| ഉപമേഖല: കായിക വിദ്യാഭ്യാസം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| കുട്ടികളുടെ കായികശേഷി വർദ്ധിപ്പിച്ച് മികവിലെത്തിക്കൽ | കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താൽപര്യമുള്ള മേഖലകളിൽ പരിശീലനം നൽകി കൂടുതൽ മികവിലേക്കെത്തിക്കൽ | എല്ലാ ദിവസവും രാവിലെയും വൈകീട്ടും അവധി ദിവസങ്ങളിലും 1 വർഷം | കായികാധ്യാപകൻ | പി.ടി.എ., 50,000/- |
| | എ).ഫുട്ബോൾ ഡെ ബോർഡിംഗ് പരിശാലനം. രാവിലെയും വൈകീട്ടും 30 ആൺ കുട്ടികൾക്കും 50 പെൺകുട്ടികൾക്കും ക്ലാസ് സമയത്തിന് മുമ്പും പിമ്പും പരിശീലനം | 1 വർഷക്കാലം | കായികാധ്യാപകൻ | - |

## ഉപമേഖല : ഹൈടെക് ക്ലാസ് മുറികൾ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിൽ ഹൈടെക് ആക്കാൻ ബാക്കിയുള്ള റൂമുകൾ ഹൈടെക് ആക്കൽ | പൂർവ്വവിദ്യാർത്ഥികൾ ജനപ്രതിനിധികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെ ബാക്കിയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പ്രവർത്തനം | പി.ടി.എ | 6 മാസം | ജനപ്രതിനിധികൾ<br>പൂർവ്വവിദ്യാർത്ഥികൾ<br>10,00,000/- |

## ഉപമേഖല : കൗൺസിലിങ്ങ്

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിങ്ങ് നൽകൽ. നല്ല വ്യക്തിത്വമുള്ളവരാക്കൽ. | • ആത്മവിശ്വാസം, ധൈര്യം ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ.<br>• ഗൃഹസന്ദർശനം, അഭിമുഖം, നിരീക്ഷണം, പ്രശ്നപരിഹരണം തുടങ്ങിയ വിവിധ മാർഗ്ഗങ്ങൾ അവലംബിച്ച് കൗൺസിലിംഗ് ഫലപ്രദമാക്കൽ. ഇൻഡിവിഡ്വൽ കൗൺസിലിങ്ങ്, ഗ്രൂപ്പ് കൗൺസിലിങ്ങ്. | കൗൺസിലിങ്ങ് ടീച്ചർ | ജൂണിൽ തുടങ്ങി എല്ലാ ദിവസവും | |

# ഉപമേഖല : കായിക മികവ് വർദ്ധിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിക്കൽ. •കായിക മത്സരങ്ങളിൽ മികവിലേക്കെത്തിക്കൽ | ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഫുട്ബോൾ, വോളിബോൾ തുടങ്ങിയ കളികളിൽ പരിശീലനം നൽകൽ. സംസ്ഥാനതല, ദേശീയതല മത്സരങ്ങളിൽ എത്തി മികവ് പ്രകടിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകൽ | കായികാധ്യാപകൻ | ജൂൺ മുതൽ എല്ലാ ദിവസവും 2 വർഷം | പി.ടി.എ., ഡെ ബോർഡിംഗ് സ്കീം |

## ഉപമേഖല : സ്വയം പ്രതിരോധശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| പെൺകുട്ടികളിൽ സ്വയം പ്രതിരോധ ശേഷി വർദ്ധിപ്പിക്കൽ | കുട്ടികൾക്ക് കരാട്ടേ, തെയ്ക്കോ ഡോ, കളരി തുടങ്ങിയവയിൽ പരിശീലനം നൽകി സ്വയം പ്രതിരോധത്തിന് ശേഷി വർദ്ധിപ്പിക്കൽ. | കായികാധ്യാപകൻ | ആഴ്ചയിൽ 3 ദിവസം 1 വർഷം | പി.ടി.എ. 20,000/- |

## ഉപമേഖല : കലാപരിപോഷണം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സർഗ വാസനകളെ പരി പോഷിപ്പിക്കൽ. | •കുട്ടികളുടെ സർഗ വാസനകൾ കണ്ടെത്തുകയും അവ പരിപോഷിപ്പിക്കുകയും ചെയ്യുക.<br>•സംഗീതം, നൃത്തം, അഭിനയം, കഥാരചന, കവിരചന, കവിതാലാപനം, ഉപകരണ സംഗീതം തുടങ്ങി വ്യത്യസ്തങ്ങളായ കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി അവരുടെ സർഗവാസനകൾ പരിപോഷിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകൽ. | കലാധ്യാപകർ, എസ്.ആർ.ജി | 2019 ജൂൺ മുതൽ 2 വർഷം | പി.ടി.എ. 1,00,000/- |

# ഉപസംഹാരം

എം ജി എം എച്ച് എസ്സ് പൂഴനാടിന്റെ ഈ അക്കാഡമിക് മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ പഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടതാണ്.

കുട്ടിയുടെ സർവ്വതോൻമുഖമായ വികാസമാണ്. വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണ മേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശം ആണ് എന്ന ആശയം പൂർണമായും പ്രവർത്തീകമാക്കാൻ ഈ അക്കാഡമിക് മാസ്റ്റർ പ്ലാനിലെ പ്രവർത്തങ്ങൾക്ക് സാധിക്കും എന്ന ആത്മവിശ്വാസം ഞങ്ങൾക്കുണ്ട്. എല്ലാ പ്രവർത്തങ്ങളും മികവുറ്റതാക്കാൻ കഴിയുമെന്ന ആത്മവിശ്വാസത്തോടെ ആണ് ഓരോ പ്രവർത്തങ്ങളും തയ്യാറാക്കിയിട്ടുള്ളത്.

*****************************************************************************************